കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 12 ചൊവ്വ

---

# പൊതുതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ പൂർത്തിയായി: ബൂത്തുകളിൽ അത്യാവശ്യം സൗകര്യങ്ങൾ ഒരുക്കും

ആലപ്പുഴ: പൊതുതിരഞ്ഞെടുപ്പിന് ജില്ല സജ്ജമാകുന്നു. തിരഞ്ഞെടുപ്പ് വിജ്ഞാപനം 28ന് വരാനിരിക്കേ മുന്നൊരുക്കങ്ങളെല്ലാം ഇതിനകം പൂർത്തിയാക്കിയതായി ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർ എസ്. സുഹാസ് പറഞ്ഞു. ഇക്കുറി എല്ലാ പോളിങ് ബൂത്തുകളിലും വിവിപാറ്റ് ഉപയോഗിക്കുന്നതിനൊപ്പം അത്യാവശ്യം അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുമെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ വ്യക്തമാക്കി.

## 1661796 വോട്ടർമാർ

ജനുവരി 30ന് പുറത്തിറക്കിയ വോട്ടർപട്ടിക പ്രകാരം 16,61,796 വോട്ടർമാരാണ് ജില്ലയിൽ ഉള്ളത്. ഇതിൽ 7,93,206 പുരുഷന്മാരും 8,68,590 വനിതകളും ഉൾപ്പെടും. ഇതിൽ 6713 സർവീസ് വോട്ടർമാരുമുണ്ട്. അരൂർ,ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, കുട്ടനാട്, ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ നിയമസഭ മണ്ഡലങ്ങളിലായാണിത്. വോട്ടർപട്ടികയിൽ പേരു ചേർക്കാൻ 25 വരെ സമയം ഉള്ളതിനാൽ ഈ കണക്കിൽ വ്യത്യാസം വരാം.

## 833 കേന്ദ്രങ്ങളിലായി 1704 ബൂത്തുകൾ

ജില്ലയിൽ 833 കേന്ദ്രങ്ങളിലായി 1704 പോളിങ് ബൂത്തുകളാണുള്ളത്. എല്ലാ ബൂത്തുകളും ഇതിനകം നേരിട്ടു പരിശോധിച്ചു സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം 1688 ബൂത്തുകൾ മികച്ച നിലയിലുള്ളതാണ്. ബാക്കി 16 എണ്ണം മെച്ചപ്പെടുത്താനുള്ള നടപടികൾ തുടരുന്നു. ആകെ പോളിങ് ബൂത്തുകളിൽ 1569 എണ്ണവും സർക്കാർ കെട്ടിടങ്ങളിലാണ്. 45 ബൂത്തുകൾ സ്ത്രീ സൗഹൃദ പോളിങ് ബൂത്തുകളായും 45 കേന്ദ്രങ്ങൾ മാതൃക പോളിങ് ബൂത്തുകളായും കണ്ടെത്തിയിട്ടുണ്ട്.

## ബൂത്തുകളിൽ അത്യാവശ്യം സൗകര്യങ്ങൾ

എല്ലാ പോളിങ് ബൂത്തുകളിലും അത്യാവശ്യം സൗകര്യങ്ങളൊരുക്കാൻ

കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർ ഉൾപ്പടെയുള്ളവർക്കായി റാമ്പ്, കുടിവെള്ളം, വൈദ്യുതി, കാത്തിരിപ്പുകേന്ദ്രം, സ്ത്രീ-പുരുഷ ശുചിമുറികൾ, എന്നിവ എല്ലാ ബൂത്തുകളിലും ഉറപ്പാക്കും. ഉപയോഗശൂന്യമായ ശുചിമുറികൾ ഉള്ളയിടത്ത് ഇ-ടോയ്‌ലറ്റ് സംവിധാനം ഒരുക്കും. താല്ക്കാലിക കാത്തിരിപ്പു കേന്ദ്രം, റാമ്പ് എന്നിവയും ഉടനടി സജ്ജീകരിക്കും. ജില്ലയിൽ ഭിന്നശേഷിക്കാരായ 5419 വോട്ടർമാരാണുള്ളത്. ഇതിൽ ചലനശേഷി കുറഞ്ഞവർ 2135 ഉം കേൾവിക്കുറവുള്ളവർ 1436 പേരുമാണ്.

## മനുഷ്യവിഭവശേഷി 15522

വോട്ടെടുപ്പ് ദിനത്തിലേക്കാവശ്യമായി 15522 ജീവനക്കാരുണ്ട്. ഇതിനു പുറമേ 800 ഡ്രൈവർമാരും  കണ്ടക്ടർമാർ കൂടി ഇതിൽപ്പെടും.

## ആവശ്യത്തിന് ഇ.വി.എം

ജില്ലയിലെ ആവശ്യത്തിലേക്കായി 30 ശതമാനം കരുതൽ ഉൾപ്പെടെ 2216 വീതം കൺട്രോൾ, ബാലറ്റ്, വിവിപാറ്റ് മെഷീനുകളാണ് വേണ്ടത്. എങ്കിലും 2559 ബാലറ്റ് യൂണിറ്റ് 2482 കൺട്രോൾ യൂണിറ്റ്, 2476 വിവിപാറ്റ് എന്നിവ പരിശോധനയ്ക്കുശേഷം തിരഞ്ഞെടുപ്പ് ഗോഡൗണിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്.

## മാതൃകപെരുമാറ്റച്ചട്ടം:
## സംഘം പ്രവർത്തനം തുടങ്ങി

ജില്ലയിലെ തിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന വിവിധ വിഭാഗങ്ങൾക്കായി 24 നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. തീയതി പ്രഖ്യാപിച്ചതോടെ മാർച്ച് 10 മുതൽ തന്നെ മാതൃക പെരുമാറ്റചട്ട ലംഘനം പരിശോധിക്കുന്നതിനുള്ള സംഘങ്ങൾ പ്രവർത്തനനിരതമായി കഴിഞ്ഞു. ജില്ല പ്ലാനിങ് ഓഫീസറുടെ നേതൃത്വത്തിലാണിത്. നിശ്ചല നിരീക്ഷകരുടെ 30 സംഘം, എട്ട് ആന്റ്-ഡിഫേസ്മെന്റ് സംഘം, ഒമ്പതു വീതം വീഡിയോ നിരീക്ഷക സംഘം, മിന്നൽ പരിശോധകസംഘം, വീഡിയ കാഴ്ച സംഘം, അക്കൗണ്ടിങ് സംഘം, ചെലവു അവലോകന സംഘം എന്നിവ ഇതിനകം പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

## എല്ലാ നിയോജകമണ്ഡലങ്ങളിലും
## മാധ്യമ നിരീക്ഷക സമതി യൂണിറ്റ്

മാധ്യമ  നിരീക്ഷക സമതി കളക്ടറേറ്റിലും മറ്റു ഒമ്പതു നിയോജക മണ്ഡലങ്ങളിലും പ്രവർത്തിക്കും. ജില്ലാതല സമതിയുടെ പ്രവർത്തനം ഇതിനകം തുടങ്ങി കഴിഞ്ഞിട്ടുണ്ട്.

## ക്രമസമാധാനം: ഉദ്യോഗസ്ഥതല യോഗം ഇന്ന്

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ ക്രമസമാധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ല പൊലീസ് മേധാവി, ഡിവൈഎസ്പിമാർ, സർക്കിൾ ഇൻസ്പെക്ടർമാർ, ഡപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവരുടെ യോഗം ഇന്ന് (മാർച്ച് 13) രാവിലെ 10.30ന് ജില്ല കളക്ടറുടെ  അധ്യക്ഷതയിൽ ചേരും. അഡീഷണൽ ജില്ല മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള ഒരു സംഘം ക്രമസമാധാന പ്രശ്നങ്ങൾ

അവലോകനം ചെയ്യും.

## തിരഞ്ഞെടുപ്പ്: സഹവരണാധികാരി കാര്യാലയങ്ങളിൽ 24 മണിക്കൂർ കൺട്രോൾ റൂം

ആലപ്പുഴ : തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സഹവരണാധികാരി കാര്യാലയങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറക്കാൻ ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർ നിർദേശിച്ചു. തിരഞ്ഞെടുപ്പ് മുന്നൊരുക്കം വിലയിരുത്താനായി ജില്ല കളക്ടറുടെ ചേമ്പറിൽ വിളിച്ചുചേർത്ത യോഗത്തിലാണിത്. 25വരെ വോട്ടർപട്ടികയിൽ പേരു ചേർക്കാൻ അനുവാദമുണ്ടെങ്കിലും നിലവിലുള്ള അപേക്ഷകൾ ഈമാസം 15നകം തീർപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ബൂത്തുകളുടെ ക്രമീകരണം ,നാമനിർദ്ദേശ പത്രിക സമർപ്പണം എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ ജില്ല കളക്ടർ എസ് .സുഹാസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ സഹവരണാധികാരികൾ യോഗത്തിൽ വിശദീകരിച്ചു. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സുതാര്യവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനായി സുവിധ ,സീ വിജിൽ എന്നീ മൊബൈൽ ആപ്ലിക്കേഷനുകൾ ഉദ്യോഗസ്ഥർ ഫലപ്രദമായി ഉപയോഗിക്കണമെന്ന് കളക്ടർ നിർദ്ദേശിച്ചു.

ആലപ്പുഴ ലോക്സഭ മണ്ഡലത്തിലെ നാമനിർദ്ദശ പത്രികകൾ വരണാധികാരിയായ ജില്ല കളക്ടർ സ്വീകരിക്കും. മാവേലിക്കര ലോക്സഭ മണ്ഡലത്തിലെ പത്രികകൾ വരണാധികാരിയായ ജില്ല കളക്ടർക്കു പുറമേ ചെങ്ങന്നൂർ നിയോജകമണ്ഡലം സഹവരണാധികാരിക്കും സ്വീകരിക്കാം. ഓരോ നിയമസഭ മണ്ഡലങ്ങളിലും വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനുള്ള അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവെന്ന് സഹവരണാധികാരികൾ ഉറപ്പാക്കിയിരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

## പെരുമാറ്റച്ചട്ടലംഘനക്കാർ ജാഗ്രതൈ: ഉടൻ പരിഹാരവുമായി സി-വിജിൽ ആപ്പ്

ആലപ്പുഴ : സ്ഥാനാർഥികളും കക്ഷികളും പെരുമാറ്റച്ചട്ട ലംഘനം നടത്തുന്നതു ശ്രദ്ധയിൽപെട്ടാൽ അക്കാര്യം ഉടൻ അധികൃതരുടെ ശ്രദ്ധയിൽപെടുത്താനുള്ള മൊബൈൽ ആപ് തിരഞ്ഞെടുപ്പു കമ്മിഷൻ വികസിപ്പിച്ചു. പരാതിക്കാരുടെ പേരും വിവരങ്ങളും രഹസ്യമായി സൂക്ഷിക്കാനുള്ള സജ്ജീകരണം ആപ്പിലുണ്ട്. സ്ഥാനാർഥി പെരുമാറ്റച്ചട്ടം ലംഘിച്ചതിന്റെ തെളിവായി തത്സമയചിത്രങ്ങളോ പരമാവധി രണ്ടു മിനിറ്റ് ദൈർഘ്യമുള്ള വിഡിയോയോ 100 മീറ്റർ പരിധിയിൽ നിന്ന് ആപ്പിൽ അപ്ലോഡ് ചെയ്യണം. ലൊക്കേഷൻ മാപ്പിങ് സംവിധാനം ഉപയോഗിച്ച് സംഭവസ്ഥലം ആപ് തനിയെ കണ്ടുപിടിച്ചുകൊള്ളും. ആപ് ഉപയോക്താക്കൾക്ക് പരാതിയിലുള്ള നടപടിയുടെ പുരോഗതി നിരീക്ഷിക്കാം. പരാതിക്കാർക്ക് ഒന്നിലേറെ പരാതികൾ നൽകാനുമാകും.

സി-വിജിൽ ആപ്പ് ചട്ടലംഘനം നടത്തുന്നവർക്കെതിരെ ഫാസ്റ്റ് ട്രാക്ക് രീതിയിൽ പരാതി സ്വീകരിച്ച് പരിഹരിക്കും. ആപ്പ് ഉപയോഗിച്ച് ഒരാൾക്ക് മിനിറ്റുകൾക്കുള്ളിൽ തൽസമയ റിപ്പോർട്ടുകൾ നൽകാനാകും. രജിസ്റ്റർ ചെയ്ത പരാതിയിലാണെങ്കിൽ, പരാതിയുടെ സ്ഥിതി അറിയാൻ പൗരനെ അനുവദിക്കുന്നതിന്

ഒരു സവിശേഷ തിരിച്ചറിയൽ നമ്പർ ലഭിക്കും. ഉറവിടം അജ്ഞാതമായ പരാതികൾക്ക് തിരിച്ചറിയൽ നമ്പറുകൾ ലഭിക്കുന്നില്ല.

സി-വിജിൽ സംവിധാനത്തിൽ പരാതി ലഭിച്ചുകഴിഞ്ഞാൽ ജില്ല കൺട്രോൾ റൂമിന് സമാനമായ അവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. ഈ ആപ്പ് ക്യാമറ, മികച്ച ഇന്റർനെറ്റ് കണക്ഷൻ, ജിപിഎസ് സംവിധാനവുമുള്ള എല്ലാ സ്മാർട്ട്ഫോണുകളിലും ഉപയോഗിക്കാം. ഇതിലൂടെ പൗരന്മാർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലേയ്ക്ക് പരാതികൾ നേരിട്ടെത്തിക്കാം. പരമാവധി 100 മിനിറ്റിനുള്ളിൽ പരാതി സ്വീകരിച്ച് പരിഹാരവും സാധ്യമാക്കും.

ബെംഗളൂരു ഉപതിരഞ്ഞെടുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ ‘സി-വിജിൽ’ എന്ന സിറ്റിസൻ ആപ്പാണു ലോക്സഭ തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. കമ്മീഷൻ തുടങ്ങിയ ആപ്പ് മുൻകാലങ്ങളിലെ പിഴവുകൾ നികത്താൻ ഏറെ സഹായകമാകും. വിജിലൻറ്റ് സിറ്റിസൺ എന്നതിന്റെ ചുരുക്കപേരാണ് 'സി-വിജിൽ'. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകളിൽ പൗരൻമാരെ പ്രോത്സാഹിപ്പിക്കുകയും ഉത്തരവാദിത്തത്തിന് പങ്ക് വഹിക്കാനും ആപ്പ് പ്രയോജനപെടും.